തേയിലത്തോട്ടം തൊഴിലാളികളുടെ ക്ഷേമത്തിന് നടപടി

124 [475] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. സി. പി. മുഹമ്മദ്:
,, ടി. യു. രാധാകൃഷ്ണൻ:
,, എം. മുരളി:
,, കെ. പി. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ ഹൈറേഞ്ച് തോട്ടം മേഖലയിലെ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനായി എന്തെല്ലാം സഹായങ്ങൾ നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ബി) തേയിലത്തോട്ടം മേഖലയിലെ പ്രതിസന്ധിമൂലം കഷ്ടപ്പെടുന്ന തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം നടപടികളെടുത്തു;

(സി) ഈ നടപടികൾ ഫലപ്രദമായിരുന്നുവോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൂട്ടിക്കിടക്കുന്ന പ്ലാന്റേഷൻ മേഖലയിലെ, തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നടപ്പു സാമ്പത്തികവർഷം പ്രത്യേക ആനുകൂല്യമായി യൂണിഫോം അലവൻസ്, ഹോസ്റ്റൽ ഫീസ്, ഉന്നത വിദ്യാഭ്യാസ ഗ്രാന്റ് എന്നീ ഇനങ്ങൾക്കായി 1,73,409 രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന തോട്ടം തൊഴിലാളികളുടെ മക്കൾക്ക് നിയമാനുസൃതമായി നൽകിവരുന്ന ഉന്നത വിദ്യാഭ്യാസ ഗ്രാന്റ് 34 പേർക്കായി 24000 രൂപ വിതരണം ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം അവസാനിക്കുംമുമ്പ് ബോർഡിൽ നിന്നും തൊഴിലാളികളുടെ കുട്ടികൾക്കായി നൽകി വരുന്ന ഹൈസ്കൂൾ ഗ്രാന്റ്, ഉന്നത വിദ്യാഭ്യാസ ഗ്രാന്റ്, ക്യാഷ് അവാർഡ് മുതലായ ആനുകൂല്യങ്ങൾ കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) അടച്ചുപൂട്ടിയ തോട്ടങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനുവേണ്ടി തോട്ടം ഉടമകളും തൊഴിലാളി പ്രതിനിധികളുമായി തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻമാർ മുഖേനയും പലവട്ടം ചർച്ചകൾ നടത്തിയതിന്റെ ഫലമായി വയനാട് ജില്ലയിലെ പാമ്പ്ര, വാര്യാട്ട്, വി.കെ. പ്ലാന്റേഷൻസ്, അസ്സാം ബ്രൂക്ക്, ഇടുക്കി ജില്ലയിലെ പുള്ളിക്കാനം, കോലാഹലമേട്, ഹെലിബറിയ, സെമ്നിവാലി എന്നീ തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി ഒരു പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഫണ്ട് ലഭ്യമാക്കിക്കൊണ്ട് ഒരു തൊഴിലാളി കുടുംബത്തിന് ആഴ്ചയിൽ 10 കിലോ അരി വീതം സൗജന്യ റേഷൻ നൽകി വരുന്നു. 'ജോലിക്ക് ഭക്ഷണം' പദ്ധതിയിൽപ്പെടുത്തിയും അരി വിതരണം ചെയ്യുന്നുണ്ട്. ഇതിനു പുറമെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ സൗജന്യ റേഷൻ ലഭിക്കുന്ന 9839 തൊഴിലാളികൾക്ക് കഴിഞ്ഞ ഓണക്കാലത്ത് 500 രൂപ വീതം 49,19,500 രൂപ എക്സ്ഗ്രേഷ്യാ അലവൻസായി വിതരണം ചെയ്തിട്ടുണ്ട്. അടഞ്ഞു കിടക്കുന്ന പീരുമേട്ടിലെ തോട്ടങ്ങളിലെ ആശുപത്രികളിൽ മരുന്നും ചികിത്സാ സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുകയുണ്ടായി. ആധുനിക ചികിത്സാ സജ്ജീകരണങ്ങളുള്ള ഒരു മൊബൈൽ മെഡിക്കൽ വാൻ പ്രവർത്തിച്ചുവരുന്നു.

തോട്ടം തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് 2003-04 സാമ്പത്തിക വർഷം പ്രത്യേക ആനുകൂല്യമായി യൂണിഫോം അലവൻസ്, ഹോസ്റ്റൽ ഫീസ്, ഉന്നതവിദ്യാഭ്യാസ ഗ്രാന്റ് എന്നീ ഇനങ്ങൾക്കായി 1,73,409 രൂപ ലേബർ വെൽഫയർ ഫണ്ട് ബോർഡ് മുഖേന വിതരണം ചെയ്തിട്ടുണ്ട്. തോട്ടം തൊഴിലാളികളുടെ 10-ാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്ക് ഈ മേഖലയിലെ സ്കൂളുകളിൽ നിന്നും ഉച്ചക്കഞ്ഞി വിതരണം നടത്തി വരുന്നു. കൂടാതെ ലേബർ വെൽഫയർ ഫണ്ടിൽ നിന്നും നിയമാനുസൃതമായി ഗുരുതര ചികിത്സയ്ക്കുള്ള സഹായവും മരണാനന്തര സഹായവും നൽകിയിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ ഈ സാമ്പത്തിക വർഷം അവസാനിക്കുംമുമ്പ് ബോർഡിൽ നിന്നും ഇനിയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. തോട്ടം മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനുവേണ്ടി ഇടുക്കി ജില്ലാ കളക്ടർ ചെയർമാനായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) ഈ നടപടികൾ എല്ലാം ഫലപ്രദമായി തന്നെ തുടർന്നുവരികയാണ്. അവലോകന യോഗങ്ങളും നടത്താറുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിൽ എംപ്ലോയ്മെന്റ് വകുപ്പിന്റെ പ്രാതിനിധ്യം

125 [488] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിൽ ലേബർ വകുപ്പിനും എംപ്ലോയ്മെന്റ് വകുപ്പിനും പ്രാതിനിധ്യം നൽകിക്കൊണ്ട് 3-1-1978-ലെ സർക്കാർ ഉത്തരവ് പ്രകാരം സൃഷ്ടിച്ച രണ്ട് ഫെല്ലോ തസ്തികകളിൽ കഴിഞ്ഞ മൂന്നര വർഷമായി എംപ്ലോയ്മെന്റ് വകുപ്പിന് പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly